# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

### ബഹുമാനപ്പെട്ട വ്യവസായ–നഗരകാര്യ വകുപ്പുമന്ത്രിയുടെ ചേംബറിൽ 28.03.2012 –ന് രാവിലെ 11മുതൽ ഉച്ചയ്ക്ക് 1.20മണി വരെ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ:–

1 20.03.2012–ലെ കോഓർഡിനേഷൻ കമ്മിറ്റി യോഗ നടപടിക്കുറിപ്പ് അംഗീകരിച്ചു.

2 **പൊതു വിഷയങ്ങൾ**

2.1 നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി പുരോഗതി അവലോകനം

ഗ്രാമ പഞ്ചായത്ത് – 53.45%, ബ്ളോക്ക് പഞ്ചായത്ത് 61 % വും ജില്ലാപഞ്ചായത്ത് 56%വും നഗരസഭകൾ 34% വും പദ്ധതി തുക വിനിയോഗിച്ചു.

2.2 നടപ്പു സാമ്പത്തിക വർഷത്തെ പദ്ധതി തുക വിനിയോഗ കാലാവധി മൂന്നു മാസത്ത്ക്ക് കൂട്ടി ദീർഘിക്കണമെന്ന ആവശ്യം നിരാകരിച്ചു.

3 **പ്രത്യേക വിഷയങ്ങൾ**

3.1 **വണ്ടിപ്പെരിയാർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.1690/ഡി.എ2/12/തസ്വഭവ)**

**തീയതി 28.03.2012**

ഒന്നു മുതൽ +2 വരെയുള്ള കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി പഠന വീടുകൾ നടത്തുന്നതിന് വേതനം നൽകുന്നത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് പെർഫോർമൻസ് ഓഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.2 **മുതുകുളം ഗ്രാമപഞ്ചായത്ത് (ഫയൽ നം. 16448/ഡി.എ.2/12/തസ്വഭവ) തീയതി 28.03.2012**

പച്ച മരുന്ന് ശേഖരണത്തിന് നാല് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് സൈക്കിൾ വാങ്ങി നൽകുന്ന പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

3.3 **തിരുവനന്തപുരം നഗരസഭ (ഫയൽ നം. 12678/എഫ്.എം.1/12/തസ്വഭവ) തീയതി 28.03.2012**

പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾക്ക് വികസനഫണ്ടിൽ നിന്നും ചെലവാക്കാവുന്ന പരിധിയായ 1,20,000/– രൂപയിൽ അധികരിച്ച് ചെലവാക്കിയ 3,48,018 രൂപ 50 പൈസ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.4 വെട്ടം ഗ്രാമപഞ്ചായത്ത് നാളികേര സംസ്കൃത വിപണനകേന്ദ്രം**

**(ഫയൽ നം. 77628/ഡി.ബി.2/10/തസ്വഭവ) തീയതി 28.03.2012**

നാളികേര മൂല്യവർദ്ധന സംസ്ക്കരണ വിപണന യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് കർഷക സഹായസമിതി സംഘം സമർപ്പിച്ച ബൈലോ അംഗീകരിച്ച്, യൂണിറ്റ് സൊസൈറ്റിയെ ഏൽപ്പിക്കുന്നതിന് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.5 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 13980/ഡി.സി.2/10/തസ്വഭവ) തീയതി 28.03.2012**

ബി.എസ്.യു.പി. പ്രകാരമുള്ള കരിമഠം കോളനി നവീകരണ പദ്ധതികൾക്ക് നിലവിലുള്ള പുതുക്കിയ SOR പ്രകാരമുള്ള അടങ്കൽ തുകക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.6 ആലപ്പുഴ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 14484/ആർ.സി.1/12/തസ്വഭവ)**

**തീയതി 28.03.2012**

സ്വകാര്യ വ്യക്തിയുടെ ഭൂമി മൂല്യനിർണ്ണയം കൂടാതെ നെഗോഷിയേറ്റ് ചെയ്ത് 60 സെന്റ് സ്ഥലവും കെട്ടിടവും 6 കോടി രൂപയ്ക്ക് വിലയ്ക്ക് വാങ്ങുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.7 പനങ്ങാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 18332/ആർ.സി.2/12/തസ്വഭവ)**

**തീയതി 28.03.2012**

പനങ്ങാട് ഗ്രാമപഞ്ചായത്ത് 90 വർഷത്തേയ്ക്കുള്ള കെ.എസ്.ഐ.ഡി.സി.ക്ക് ലീസ് തുകയായ 20,95,700/- രൂപ അടയ്ക്കുന്നതിന് പ്രത്യേക അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.8 തഴവ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 16421/ഡി.എ2/12/തസ്വഭവ) തീയതി 28.03.2012**

വനിതാ ശിങ്കാരിമേളം എന്ന പദ്ധതിയിൽ പരിശീലനം നൽകുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള 2,00,000/- രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.9 വയനാട് ജില്ലാപഞ്ചായത്ത് (ഫയൽ നം. 17019/ഡി.ബി.1/12/തസ്വഭവ)**

**തീയതി 28.03.2012**

മാനന്തവാടി ആശുപത്രിയിലെ മാലിന്യ നിർമ്മാർജ്ജന പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് ഇതു സംബന്ധമായ എഗ്രിമെന്റും, അനുസരിച്ച് പ്രവർത്തിക്കാതിരിക്കുന്ന പക്ഷം ഫൈൻ ഈടാക്കുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടെയുള്ള നിബന്ധനയോടെ അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.10 നൂൽപ്പുഴ ഗ്രാമപഞ്ചായത്ത് (ഫയൽ നം. 16600/ഡി.എ.2/12/തസ്വഭവ) തീയതി 28.03.2012**

കണ്ണട, ശ്രവണസഹായി എന്നിവ നൽകുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.11 ഗ്രാമവികസന കമ്മീഷണറേറ്റ് (ഫയൽ നം. 9258/ഡി.ബി.3/12/തസ്വഭവ)**

**തീയതി 28.03.2012**

ഔദ്യോഗിക ആവശ്യങ്ങൾക്കുപയോഗിച്ചിരുന്ന രണ്ട് വാഹനങ്ങൾ കണ്ടം ചെയ്തതിനു പകരമായി രണ്ട് പുതിയ വാഹനങ്ങൾ (Toyota, Innova VX, Bolero SLX) വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ അംഗീകരിച്ച് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.12 മാവേലിക്കര ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 12284/ഡി.ബി.3/12/തസ്വഭവ)**

**തീയതി 28.03.2012**

കുറത്തിക്കാട് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് ആംബുലൻസ് വാങ്ങുന്ന പദ്ധതി വാഹനം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിക്ക് കൈമാറണം എന്ന നിബന്ധനയോടെ അനുവദിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.13 തിരുനെല്ലി ഗ്രാമപഞ്ചായത്ത് (ഫയൽ നം. 70007/ഡി.എ2/12/തസ്വഭവ)**

**തീയതി 28.03.2012**

കാലിത്തീറ്റ വിതരണ പദ്ധതി മൃഗസംരക്ഷണ വകുപ്പിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് നടപ്പാക്കുന്നതിന് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.14 നെടുമ്പന ഗാമപഞ്ചായത്ത് (ഫയൽ നം. 18764/ഡി.എ2/12/തസ്വഭവ) തീയതി 28.03.2012**

മാനസികവും ശാരീകവുമായ വെല്ലുവിളി നേരിടുന്നവർക്കായുള്ള സ്കോളർഷിപ്പ് നൽകുന്ന പദ്ധതിക്ക് ബ്ലോക്ക് ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമാകാത്തതിനാൽ ഗ്രാമപഞ്ചായത്തിന്റെ മാത്രം വിഹിതം ഉപയോഗിച്ച് നടപ്പാക്കുന്നതിന് അനുമതി നൽകുന്നു. തുടർവർഷങ്ങളിലും പ്രോജക്ട് ഉണ്ടായിരിക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.15 കരുനാഗപ്പള്ളി നഗരസഭ (ഫയൽ നം. 13116/ആർ.സി.1/12/തസ്വഭവ) തീയതി 28.03.2012**

ഖരമാലിന്യ പ്ലാന്റ് നവീകരണത്തിനാവശ്യമായ സ്ഥലം ജില്ലാ കളക്ടർ മാർക്കറ്റ് വില നിശ്ചയിച്ച് നൽകുന്നത് അനുസരിച്ചുള്ള തുകയ്ക്ക് വാങ്ങുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.16 ഉണ്ണികുളം ഗ്രമപഞ്ചായത്ത് ഫയൽ നം. 32072/ഡി.ബി1/11/തസ്വഭവ) തീയതി 28.03.2012**

ഇ.എം.എസ്. ഭവന പദ്ധതിയിൽ 8 ഗുണഭോക്താക്കൾ 60.ചതുരശ്ര മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കാനിടയായതിൽ തുടർ സഹായം നിർത്തി വച്ച് മേലന്വേഷണം നടത്തിയതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടായിട്ടില്ലെന്ന എ.ഡി.സി (ജനറൽ)ന്റെ റിപ്പോർട്ട് അനുസരിച്ച് വീട് പൂർത്തിയാക്കുന്നതിന് തുടർന്നുള്ള ആനുകൂല്യം നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.17 തിരുവനന്തപുരം നഗരസഭ (ഫയൽ നം. 16965/എഫ്.എം.3 /12/തസ്വഭവ) തീയതി 28.03.2012**

സാന്ത്വനം സമഗ്ര കാൻസർ നിയന്ത്രണ പദ്ധതിയിൽ ഉള്ള കാൻസർ നിയന്ത്രണ പദ്ധതിക്കും സ്ത്രീകൾക്കായുള്ള കാൻസർ ചികിത്സാ പദ്ധതിക്കും ആർ.സി.സി. ഡയറക്ടറുടെ പേരിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.18 ചാലക്കുടി നഗരസഭ (ഫയൽ നം. 40615 /ഡി.ബി3/12/തസ്വഭവ) തീയതി 28.03.2012**

സർക്കാർ അനുമതി കൂടാതെ വാഹനം വാങ്ങിയതിന്മേൽ സെക്രട്ടറി സമർപ്പിച്ച വിശദീകരണം പരിഗണിച്ച് കൂടുതൽ നടപടി ഒഴിവാക്കുന്നതിനും തുക ചെലവു ചെയ്ത നടപടി അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.19 കോഴിക്കോട് ജില്ലാ പഞ്ചായത്ത് (ഫയൽ നം. 18025/ഡി.ബി.1/12/തസ്വഭവ) തീയതി 28.03.2012**

വനിതകൾക്കുള്ള സ്തനാർബുദ രോഗ നിർണ്ണയ പദ്ധതിക്കായി സോഷ്യൽ സെക്യൂരിറ്റി മിഷനിൽ തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.20 കോട്ടത്തറ പഞ്ചായത്ത് (ഫയൽ നം. 16603/ഡി.എ2/12/തസ്വഭവ) തീയതി 28.03.2012**

വേനൽക്കാല കാലിത്തീറ്റ വിതരണ പദ്ധതി ക്ഷീര വികസന വകുപ്പിന്റെ സ്കീം അനുസരിച്ച് നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.21 കേരള ലോക്കൽ ഗവൺമെന്റ് ഡലിവറി പ്രോജക്ട് (KLGSDP)**

**(ഫയൽ നം. 17643/ഡി.എ.1/12/തസ്വഭവ) തീയതി 28.03.2012**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കണക്കാക്കി ഷോർട്ട്ഫാൾ നിശ്ചയിക്കുമ്പോൾ അക്കൗണ്ട് നമ്പർ V-ൽ ലഭിച്ച തുക ഉൾപ്പെടുത്തേണ്ടതില്ല എന്ന് നിശ്ചയിച്ചു

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.22 നാളികേര വികസന ബോർഡ് (ഫയൽ നം. 18239/ഡി.എ1/12/തസ്വഭവ)**

**തീയതി 28.03.2012**

വികസനബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളെ നാളികേരവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കുന്ന പ്രോജക്ടുകളുടെ നിർവഹണ ഏജൻസിയായി പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.23 പുറക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം. 40937/ഡി.എ2/12/തസ്വഭവ) തീയതി 28.03.2012**

മതിയായ എസ്.സി. കുടുംബങ്ങൾക്ക് ഇല്ലാത്ത കാരണത്താൽ ഡി.പി.സി. അംഗീകരിക്കാത്ത വള്ളുവൻകാവ് നടപ്പാലം എന്ന പദ്ധതിക്ക് പ്രത്യേക അനുമതി നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.24 പത്തനംതിട്ട ജില്ലാ പഞ്ചായത്ത് (ഫയൽ നം. 10195/ഡി.ബി1/12/തസ്വഭവ)**

**തീയതി 28.03.2012**

പേപ്പർ ക്യാരിബാഗ് നിർമ്മിക്കുന്നതിന് കുടംബശ്രീ യൂണിറ്റുകൾക്ക് നൽകുന്ന സബ്സിഡി മാനദണ്ഡം പുതുക്കി നിശ്ചയിച്ചതിനുശേഷം അനുവാദം നൽകാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.25 കേരള അർബൻ ആന്റ് റൂറൽ ഡവലപ്മെന്റ് ഫിനാൻസ് (ഫയൽ നം. 10578/ഐ.എ2/12/തസ്വഭവ) തീയതി 28.03.2012**

ആലപ്പുഴ. കോട്ടയം കണ്ണൂർ, കാസർഗോഡ്, പാലക്കാട് വികസന അതോറിറ്റികൾ ഹഡ്കോയിൽ നിന്നെടുത്ത വായ്പാ ബാദ്ധ്യത ഗ്രാമപഞ്ചായത്തുകളിൽ നിന്നും അവയുടെ പശ്ചാത്തല മേഖലാ ഫണ്ടിൽ നിന്നും ഈടാക്കുന്നതിന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.26 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 10141/ഡി.ബി.2/12/തസ്വഭവ) തീയതി 28.03.2012**

കൃഷി വിജ്ഞാൻ കേന്ദ്രവുമായി സഹകരിച്ച് നടപ്പാക്കുന്ന ഫാർമേഴ്സ് ട്രേഡ് സെന്റർ പദ്ധതിക്കായി വാഹനം വാങ്ങുന്നതിനുള്ള പദ്ധതിക്ക് അംഗീകാരം നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.27 ഇൻഫർമേഷൻ കേരള മിഷൻ (ഫയൽ നം. 14216/ഐ.ബി.1/12/തസ്വഭവ തീയതി 28.03.2012**

തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കമ്പ്യൂട്ടറും പെരിഫറലുകളും വാങ്ങുന്നതിന് കെൽട്രോൺ നിരക്ക് DGS & D നിരക്കിനേക്കാൾ കുറവാണെങ്കിൽ കെൽട്രോണിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.28 പത്തനംതിട്ട നഗരസഭ (ഫയൽ നം. 15078/ഡി.സി.3/12/തസ്വഭവ) തീയതി 28.03.2012**

സ്റ്റേഡിയത്തിന്റെ ആർക്കിടെക്ച്ചറൽ രൂപ രേഖ തയ്യാറാക്കുന്നതിന് നൽകേണ്ട ഫീസ് സംബന്ധിച്ച് റിപ്പോർട്ട് നൽകുന്നതിന് എൽ. എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.29 മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലാ പഞ്ചായത്തുകൾ (ഫയൽ നം. 15541/ഡി.ബി2/12/തസ്വഭവ) തീയതി 28.03.2012**

പദ്ധതി നിർവഹണ ചെലവ് കുറയുന്നതനുസരിച്ചുള്ള ഷോർട്ട്ഫാൾ നിശ്ചയിക്കുന്ന 'കട്ട് ഓഫ്' നിരക്ക് പുനഃ നിശ്ചയിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

സ്ക്കുൾ കെട്ടിടം നിർമ്മിക്കുന്നതു സംബന്ധിച്ച് ഫണ്ട് മുൻകൂറായി പി.റ്റി.എയുടെ ഫണ്ടിലേക്ക് അനുവദിക്കാമെന്ന മുൻ തീരുമാനം റദ്ദു ചെയ്യുന്നതിന് നിശ്ചയിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.30 മലപ്പുറം ജില്ലാ സ്പോർട്സ് കൗൺസിൽ (ഫയൽ നം. 70710/എഫ്.എം.1/11/തസ്വഭവ) തീയതി 28.03.2012**

സ്പോർട്സ് കോംപ്ലക്സ് & ഫുട്ബാൾ അക്കാഡമിക്കായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2 ലക്ഷം രൂപയും 15 ബ്ലോക്ക് പഞ്ചായത്തുകൾ 2 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് 50 ലക്ഷം രൂപയും 7 നഗരസഭകൾ 25 ലക്ഷം രൂപയും കവിയാത്ത തുക സംഭാവനയായി നൽകുന്നതിന് യഥേഷ്ഠാനുമതി നൽകുന്നു. അടുത്ത ഘട്ടങ്ങൾക്ക് യാതൊരു കാരണവശാലും യഥേഷ്ഠാനുമതി നൽകുന്നതല്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.31 വാംബെ ഹൗസിംഗ് സ്കീം (ഫയൽ നം. 14733/ഡി.സി2/12/തസ്വഭവ) തീയതി 28.03.2012**

ഭവന നിർമ്മാണ പദ്ധതികൾക്ക് സർക്കാർ/തദ്ദേശഭരണ സ്ഥാപനങ്ങളുടെ സബ്സിഡി നിരക്ക് വർദ്ധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ വാംബെ പദ്ധതിയിലുള്ള അനുവദനീയമായ ധനസഹായം 40,000/- രൂപയിൽ നിന്നും ജനറൽ, എസ്.സി. വിഭാഗങ്ങൾക്ക് 2 ലക്ഷം രൂപയായും എസ്.റ്റി. വിഭാഗത്തിന് 2.50 ലക്ഷം രൂപയായും വർദ്ധിപ്പിച്ചു നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.32 സി.എച്ച് മുഹമ്മദ്കോയ മെമ്മോറിയൽ ചാരിറ്റബിൾ സെന്റർ, തിരുവനന്തപുരം (ഫയൽ നം. 12429/എഫ്.എം 2/12/തസ്വഭവ) തീയതി 28.03.2012**

ചാരിറ്റബിൾ സെന്ററിന് തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 1 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് 2 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് 3 ലക്ഷം രൂപയും നഗരസഭ 3 ലക്ഷം രൂപയും മുനിസിപ്പാലിറ്റി 2 ലക്ഷം രൂപയും കവിയാത്ത തുക സംഭാവനയായി നൽകുന്നതിന് യഥേഷ്ഠാനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.33 എയ്ഡഡ് മേഖലയിലെ സ്ക്കൂളുകൾക്ക് ധനസഹായം**

**(ഫയൽ നം. 16403/ഡി.ബി2/12/തസ്വഭവ) തീയതി 28.03.2012**

എയ്ഡഡ് മേഖലയിലെ സ്ക്കൂളുകളിൽ ടോയ്‌ലറ്റ് നിർമ്മിച്ചു നൽകുന്നതിന് തീരുമാനിച്ചു. എൽ.പി/യു.പി സ്ക്കളുകൾക്ക് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറും അനുബന്ധ സാമഗ്രികളും എയ്ഡഡ് സ്ക്കൂളുകൾക്കു കൂടി അനുവദിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.34 പേരാവൂർ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 10200/ഡി.ബി3/12/തസ്വഭവ)**

**തീയതി 28.03.2012**

ചാരിറ്റബിൾ സൊസൈറ്റിക്ക് ആംബുലൻസ് വാങ്ങി നൽകിയതും കെട്ടിടം നിർമ്മിച്ചു നൽകിയതും സംബന്ധിച്ച് വന്നിട്ടുള്ള ഓഡിറ്റ് പരാമർശം ഉൾപ്പെടെയുള്ള വിഷയം സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് നൽകേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.35 കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ( നടുവിൽ ഗ്രാമപഞ്ചായത്ത്)**

**(ഫയൽ നം. 18096/ഡി.എ1/12/തസ്വഭവ) തീയതി 28.03.2012**

വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൃഗസംരക്ഷണ പദ്ധതികൾ വകുപ്പിലെ മാനദണ്ഡങ്ങൾക്കനുസൃതമായി നടപ്പാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.36 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസൂത്രണ മാർഗ്ഗരേഖ – പന്ത്രണ്ടാം പദ്ധതി (2012–2017) തീയതി 28.03.2012**

കരട് പരിശോധിച്ച് അംഗീകാരത്തിന് മാറ്റി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.37 അഹാഡ്സിന് അക്രഡിറ്റേഷൻ നൽകുന്നത് സംബന്ധിച്ച് (ഫയൽ നം. 13490/ഐ.ബി.1/12/തസ്വഭവ) തീയതി 28.03.2012**

അട്ടപ്പാടി മേഖലയിൽ പ്രവർത്തിക്കുന്ന അഹാർഡ്സ് ന് നിർത്തട പരിശീലന പരിപാടികളിൽ അക്രഡിറ്റേഷൻ നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.38 നാലാം ധനകാര്യ കമ്മീഷൻ ശുപാർശ തനതു വരുമാനം വർദ്ധിപ്പിക്കുന്നത് (ഫയൽ നം. 53577/എഫ്.എം.3/11/തസ്വഭവ) തീയതി 28.03.2012**

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നികുതി പിരിവ് ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ഇൻസെന്റീവിനായി ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ളതായി വിലയിരുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.39 പഴകുളം സോഷ്യൽ സർവീസ് സൊസൈറ്റി അരൂർ , കൊല്ലം (ഫയൽ നം. 75311/ഡി.എ.1/ 10/തസ്വഭവ) തീയതി 28.03.2012**

അക്രഡിറ്റേഷൻ സംബന്ധിച്ച മാനദണ്ഡം പുനഃനിശ്ചയിച്ചതിനുശേഷം പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.40 ബയോടെക് (ഫയൽ നം. 34688/ഡി.എ.1 / 11/തസ്വഭവ) തീയതി 28.03.2012**

അക്രഡിറ്റേഷൻ സംബന്ധിച്ച മാനദണ്ഡം പുനഃനിശ്ചയിച്ചതിനുശേഷം പരിഗണിക്കാവുന്നതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.41 ഇൻഫർമേഷൻ കേരള മിഷൻ (ഫയൽ നം. 15716//ഐ.ബി.1 / 11/തസ്വഭവ) തീയതി 28.03.2012**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഐ.കെ.എം.ന് കിട്ടേണ്ട കുടിശ്ശിക തുക അടപ്പിക്കുന്നതിന് വകുപ്പു തലവൻമാരെ പ്രത്യേക നടപടി സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.42 മലപ്പുറം ജില്ലാ പഞ്ചായത്ത് (ഫയൽ നം. 17686//ഡി. ബി.2 / 11/തസ്വഭവ) തീയതി 28.03.2012**

കൂടുതൽ പരിശോധനയ്ക്കായി മാറ്റി വയ്ക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.43 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ – ജനന മരണ വിവാഹ രജസ്ട്രേഷൻ – 1970 മുതലുള്ള മുൻകാല രേഖകളുടെ കമ്പ്യൂട്ടർ വൽക്കരണം ഐ.കെ.എം. നിർദ്ദേശം (ഫയൽ നം. 10021//ഐ.ബി./2012/തസ്വഭവ) തീയതി 28.03.2012**

1970 മുതലുള്ള റെക്കോഡുകൾ കമ്പ്യൂട്ടറൈസ് ചെയ്യുന്നതു സംബന്ധിച്ച് ഐ.കെ.എം. സമർപ്പിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.44 കൽപ്പറ്റ ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 7296//ഡി. ഡി.2 / 11/തസ്വഭവ) തീയതി 28.03.2012**

കൈമാറ്റം ചെയ്യപ്പെട്ട വിഭാഗത്തിൽപ്പെടാത്ത സ്ക്കൂളുകൾക്ക് ലാപ്ടോപ്പ് വാങ്ങി നൽകിയ പദ്ധതിക്ക് ഓഡിറ്റ് തടസ്സം ഉണ്ടായിട്ടും വീണ്ടും അത്തരം പദ്ധതിക്ക് അനുമതി ആവശ്യപ്പെട്ടിട്ടുള്ളത് നിരസിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.45 വിജയഭേരി വിദ്യാഭ്യാസ പദ്ധതി (ഫയൽ നം. 19364//ഡി.ബി.11/ 12/തസ്വഭവ)**

**തീയതി 28.03.2012**

വിദ്യാഭ്യാസ പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന പദ്ധതിയായതിനാൽ എയ്ഡഡ് സ്ക്കൂളുകൾക്കു കൂടി ബാധകമാക്കി പദ്ധതി നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.46 സമഗ്ര ആരോഗ്യ പദ്ധതി (ആരോഗ്യ – കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ കത്ത് (ഫയൽ നം. 13574//ഡി.എ1/ 12/തസ്വഭവ) തീയതി 28.03.2012**

പന്ത്രണ്ടാം പദ്ധതിയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന കൈപുസ്തകങ്ങളിൽ ആരോഗ്യമേഖലയിലെ പ്രോജക്ട് നിർദ്ദേശങ്ങളിൽ കുടുംബക്ഷേമ വകുപ്പ് നിർദ്ദേശിച്ചിട്ടുള്ളവ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് കില ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചു,

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.47 പയ്യന്നൂർ നഗരസഭ (ഫയൽ നം. 13575/ഡി.എ3/ 12/തസ്വഭവ) തീയതി 28.03.2012**

ജൈവഗ്രാമം സ്ഥാപിക്കുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി കൂടുതൽ പരിശോധനക്കായി മാറ്റി വച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.48 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം. 15008//ഡി.ബി1/ 12/തസ്വഭവ) തീയതി 28.03.2012**

ക്ഷീര സഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്യുന്ന പദ്ധതി പ്രത്യേക അനുമതി കൂടാതെ 50% സബ്സിഡിയോടെ നടപ്പാക്കിയത് സാധൂകരിച്ച് നൽകുന്നില്ല. അധികമായി ചെലവാക്കിയ തുകയായ 12,80,500/– രൂപ ബന്ധപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.49 കണ്ണൂർ ജില്ലാ പഞ്ചായത്ത് (ഫയൽ നം.3704//ഡി.ബി3/ 12/തസ്വഭവ) തീയതി 28.03.2012**

മൊബൈൽ ക്ലിനിക്കൽ ലാബ് എന്ന പദ്ധതികൾക്ക് വാഹനം വാങ്ങി ലാബ് സജ്ജീകരിക്കുന്ന പദ്ധതിക്ക് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.50 ചാവക്കാട് നഗരസഭ – വിനിയോഗിക്കാൻ കഴിയാത്ത പദ്ധതി വിഹിതം യു.ഐ.ഡി.എസ്.എസ്.എം.ടി. കുടിവെള്ള പദ്ധതിയിലേയ്ക്ക് – ബാങ്ക് ലോൺ തിരിച്ചടയ്ക്കുന്നത് സംബന്ധിച്ച് (ഫയൽ നം.17753//ഡി.സി2/ 12/തസ്വഭവ) തീയതി 28.03.2012**

കുടിവെള്ള പദ്ധതി സേവനമേഖലയിൽ ഉൾപ്പെടുന്ന പദ്ധതിയായതിനാൽ ആ മേഖലയിൽ മിച്ചം വരുന്ന തുക U.I.D.S.S.M.T. ഫണ്ടിൽ ഒടുക്കു വരുത്തുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.51 നിലമ്പൂർ നഗരസഭ (ഫയൽ നം.18804/ഡി.ബി.1/ 12/തസ്വഭവ) തീയതി 28.03.2012**

2011–12 വർഷം വികസനഫണ്ടിൽ ചെലവാകാതെ ബാക്കി വരുന്ന തുക ഇ.എം.എസ് ഭവന പദ്ധതിയുടെ വായ്പ തിരിച്ചടവിന് അനുവാദം നൽകുന്നു. പൊതു ഉത്തരവ് പുറപ്പെടുവിക്കാം.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.52 പുറക്കാട് ഗ്രാമപഞ്ചായത്ത് (ഫയൽ നം.18356//ഡി.എ2/ 12/തസ്വഭവ) തീയതി 28.03.2012**

ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വായനശാലകളായിരിക്കണം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന വ്യവസ്ഥയിൽ ടെലിവിഷൻ സെറ്റ് വാങ്ങി നൽകുന്നതിനുള്ള പദ്ധതി അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.53 മട്ടന്നൂർ നഗരസഭ (ഫയൽ നം.66618//ഡി.എ3/ 12/തസ്വഭവ) തീയതി 28.03.2012**

വനിതാ റിസോഴ്സ് സെന്ററിന്റെ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.54 പൂവാർ ഗ്രാമപഞ്ചായത്ത് (ഫയൽ നം.18702//ഡി.എ2/ 12/തസ്വഭവ) തീയതി 28.03.2012**

ത്രിവേണി ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്നും മുൻകൂർ അനുമതി കൂടാതെ തെരുവുവിളക്കുകൾക്കായുള്ള ഇലക്ട്രിക്കൽ സാധനങ്ങൾ വാങ്ങിയ നടപടി മേലിൽ ആവർത്തിക്കരുതെന്ന കർശന താക്കീതോടെ അംഗീകരിക്കുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.55 മലപ്പുറം ജില്ലാ പഞ്ചായത്ത് മെമ്പറുടെ കത്ത് (ഫയൽ നം.18770//എഫ്.എം.3/ 12/തസ്വഭവ) തീയതി 28.03.2012**

സോഷ്യോ എക്കണോമിക് ഫൗണ്ടേഷനിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്ന തിനുള്ള തുക മുൻകൂർ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകുന്നില്ല.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.56 വയനാട് ജില്ലാ പഞ്ചായത്ത് (ഫയൽ നം.18648//ഡി.ബി.1/ 12/തസ്വഭവ) തീയതി 28.03.2012**

മുട്ടിൽ ഓർഫനേജിന്റെ അധീനതയിലുള്ള Deaf & Dumb സ്ക്കൂൾ എയ്ഡഡ് സ്ഥാപനമാണെന്നും, ചാരിറ്റിയായി മാത്രം സേവനം നടത്തുന്നതാണെന്നും റപ്പോർട്ട് ചെയ്തിരിക്കുന്നത് സാമൂഹ്യക്ഷേമ വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ചുമലപ്പെടുത്തി

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.57 പുനലൂർ നഗരസഭ (ഫയൽ നം. 17478/ ഡി.സി.3/ 12/തസ്വഭവ) തീയതി 28.03.2012**

ഡി.പി.ആർ. പുതുക്കി നൽകുന്നതിനുള്ള ഫീസ് സംബന്ധിച്ച് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ട് വാങ്ങേണ്ടതുണ്ട്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.58 പന്തലായനി ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം.6011/ഡി.ഡി2/ 12/തസ്വഭവ)**

**തീയതി 28.03.2012**

Fellowship with mentally Retarded (FMR) India എന്ന സ്ഥാപനത്തിന്റെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തനം വിലയിരുത്തി DMO യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആനുകൂല്യം നൽകുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.59 നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് (ഫയൽ നം. 15683/ഡി.ഡി2/ 12/തസ്വഭവ)**

**തീയതി 28.03.2012**

സഞ്ചരിക്കുന്ന ആതുരാലയം എന്ന പദ്ധതിയിൽ മരുന്ന് വാങ്ങുന്നതിനുള്ള ലിസ്റ്റ് ഡി.എം.ഒ.യുടെ അംഗീകാരത്തിന് വിധേയമായിരിക്കണം എന്നുള്ള നിബന്ധനയോടെ മെഡിക്കൽ കോർപ്പറേഷനിൽ ലഭ്യമാകാത്ത മരുന്ന് സപ്ലൈകോയുടെ മെഡിക്കൽ സ്റ്റോറുകളിൽ നിന്ന് വാങ്ങുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.60 ഐ.എ.വൈ പദ്ധതിക്ക് അധിക വിഹിതം അനുവദിക്കുന്നതിന്**

**(ഫയൽ നം. 16717/ഡി.ഡി2/ 12/തസ്വഭവ) തീയതി 28.03.2012**

ഐ.എ.വൈ. ഭവന പദ്ധതിക്ക് മേഖലാ വിഭജനം ഒഴിവാക്കി തുക ചെലവിടുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.61 ടാറിന് അധികരിച്ച തുക അനുവദിക്കുന്നത് സംബന്ധിച്ച്**

റോഡ് പണിക്കാവശ്യമായ ടാർവില വർദ്ധിച്ചതു നൽകുന്നത് സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.62 എറണാകുളം ജില്ലാ പഞ്ചായത്ത് 2011–12 വാർഷിക പദ്ധതി – പ്ലാൻ ഫണ്ട് ജനറൽ വിഭാഗത്തിൽ നിന്നും കൂടുതൽ തുക അനുവദിക്കുന്നത് സംബന്ധിച്ച് തീയതി 28.03.2012**

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതികൾക്ക് 50 ലക്ഷം രൂപ നൽകുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിനെ അനുവദിക്കുന്നു. (പ്ലാൻ ഫണ്ട് – ജനറൽ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ കൂടി സാമൂഹ്യ സുരക്ഷാ മിഷൻ ഏറ്റെടുക്കേണ്ടതാണ്.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.63 ബസ്റ്റാൻഡ് യാർഡ് എന്ന പ്രവൃത്തി പൂർത്തീകരിച്ചതിന്റെ ബിൽ തുക നൽകുന്നത് സംബന്ധിച്ച് മാള ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ കത്ത് തീയതി 28.03.2012**

മെഷർമെന്റിൽ കാണിച്ചിരിക്കുന്ന തുക നൽകുന്നതിന് വീണ്ടും അനുവാദത്തിനപേക്ഷിച്ചിരിക്കുന്ന സാഹചര്യത്തിൽ റിപ്പോർട്ടിനായി എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തി.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.64 കണ്ണൂർ നഗരസഭ (ഫയൽ നം. 13365/ഡി.ബി1/ 12/തസ്വഭവ) തീയതി 28.03.2012**

മരക്കാർക്കണ്ടിയിൽ എസ്.സി. ഗുണഭോക്താക്കൾക്ക് വീടിന് പകരം ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്ന പദ്ധതികൾക്ക് ഗുണഭോക്താക്കൾ പട്ടികജാതി വിഭാഗത്തിൽ പ്പെട്ടവരായിരിക്കണം. ഫൗണ്ടേഷനും കെട്ടിട നിർമ്മാണവും ഉൾപ്പെടെ യൂണിററ് കോസ്റ്റ് 3,11,406/- രൂപയായിരിക്കണം, നിർമ്മാണം പോലീസ് സഹകരണ സൊസൈറ്റിക്ക് നൽകണം എന്നീ വ്യവസ്ഥകളോടെ ഡെപ്പോസിററ് വർക്കായി പണി ചെയ്യിക്കുന്നതിന് അനുമതി നൽകുന്നു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.65 പ്ലാൻ കോർഡിനേറ്റർമാരുടെ കാലാവധി നീട്ടുന്നത് (ഫയൽ നം.19690/ഡി.എ1/ 12/തസ്വഭവ) തീയതി 28.03.2012**

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി ആരംഭിക്കുന്നതോടെ പുതിയ കോഓർഡിനേറ്റർമാരെ അടിയന്തിരമായി നിയമിക്കേണ്ടതാണെന്ന് തീരുമാനിച്ചു.

(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)

**3.66 കളമശ്ശേരി ചെയർമാന്റെ അപേക്ഷ (കത്ത് നം.11724/10)**

അക്കൗണ്ട് നമ്പർ IV-ൽ നിന്നും തുക നൽകുന്നതിനുവേണ്ടി തയ്യാറാക്കിയ പ്രോജക്ടുകൾക്ക് അക്കൗണ്ട് നമ്പർ II-ൽ നിന്നും തിരിച്ചും തുക നൽകുന്നതിന് അനുമതി നൽകുന്നു.

(യോഗം ഉച്ചയ്ക്ക് 1.20-ന് അവസാനിച്ചു)